LIBRARY ARCHIVES Kerala Legislative Assembly

അദ്ധ്യാപകർക്ക് സംസ്ഥാന അവാർഡ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ

47 (5182) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അദ്ധ്യാപകർക്ക് സംസ്ഥാന അവാർഡ് നൽകുന്നതിന് നിലവിൽ പരിഗണിച്ചുവരുന്ന മാനദണ്ഡങ്ങൾ എന്തൊക്കെ ;

(ബി) നിലവിലുള്ള രീതിയെക്കുറിച്ച് എന്തെങ്കിലും പരാതികൾ ലഭിക്കുകയുണ്ടായോ ; എങ്കിൽ പ്രസ്തുത പരാതികൾ പരിശോധിക്കുകയുണ്ടായോ ;

(സി) അവാർഡിനുള്ള മാനദണ്ഡങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ഡി) എങ്കിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്തുന്നതിനാണ് ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) എല്ലാ വർഷവും ജൂൺ മാസത്തിൽ പ്രൊപ്പോസലുകൾ സ്വീകരിക്കുന്നതിന് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് നിർദ്ദേശം കൊടുക്കുന്നു. എല്ലാ ജില്ലകളിലും കളക്ടർ അദ്ധ്യക്ഷനായുള്ള കമ്മിറ്റിയിൽ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, ഹെഡ്ക്വാർട്ടേഴ്സ് ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഒരു വിദ്യാഭ്യാസ വിചക്ഷണൻ എന്നിവർ അടങ്ങിയ കമ്മിറ്റി ലഭിക്കുന്ന പ്രൊപ്പോസലുകൾ പരിശോധിച്ച് മുൻഗണനാക്രമത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകുന്നു. പ്രൈമറി -സെക്കന്ററി അദ്ധ്യാപകർക്ക് പ്രത്യേകം പ്രൊപ്പോസലുകൾ സ്വീകരിക്കുന്നു. ഇങ്ങനെ കിട്ടുന്ന പ്രൊപ്പോസലുകൾ വിദ്യാഭ്യാസ വകുപ്പുമന്ത്രി ചെയർമാനും, പൊതുവിദ്യാഭ്യാസ സെക്രട്ടറി, പൊതുവിദ്യാഭ്യാസ ഡയറക്ടർ എന്നിവർ അംഗങ്ങളുമായ കമ്മിറ്റി പരിശോധിച്ച് അവാർഡ് ജേതാക്കളെ പ്രഖ്യാപിക്കുന്നു.

(ബി) പരാതികൾ ലഭിച്ചിട്ടില്ല.

(സി&ഡി) പരിഗണനയിലാണ്. വിശദാംശങ്ങൾ തീരുമാനിച്ചിട്ടില്ല.

എസ്.എസ്.എ.യിലെ റിസോഴ്സ് അദ്ധ്യാപകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ

49 (5183) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.എസ്.എ.-യിലെ റിസോഴ്സ് അദ്ധ്യാപകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ ആനുകൂല്യങ്ങൾ ഐ.ഇ.ഡി.സി.-യിൽ പ്രവർത്തിക്കുന്ന റിസോഴ്സ് അദ്ധ്യാപകർക്ക് ലഭിക്കുന്നുണ്ടോ ;